**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1856** **05.02.2019 ൽമറുപടിയ്ക്ക്**

## തിരുവനന്തപുരത്തെ വിദ്യാർത്ഥികൾക്ക് സിറ്റി ഫാസ്റ്റുകളിൽ കൺസഷൻ

| ചോദ്യം<br>ശ്രീ.സി.മമ്മൂട്ടി | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | തലസ്ഥാന നഗരിയിലെ വിവിധ ഡിപ്പോകളിൽ നിന്നും പുറപ്പെടുന്ന കെ.എസ്. ആർ.ടി.സി സർവ്വീസുകളിൽ ഓർഡിനറി നിരക്കീടാക്കുന്ന എത്ര ബസ്സുകൾ ഷെഡ്യൂൾ നടത്തുന്നുണ്ട്; ഓരോ ഡിപ്പോയിൽ നിന്നുമുള്ള പ്രസ്തുത ബസുകളുടെ കണക്ക് നൽകമോ; | (എ) | കെ എസ് ആർ ടി സി യുടെ തലസ്ഥാനത്തെ വിവിധ ഡിപ്പോകളിൽ നിന്നും ഓർഡിനറി നിരക്ക് ഈടാക്കുന്ന 745 ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്.<br>കണിയാപുരം - 46<br>വെള്ളനാട് - 28<br>പാപ്പനംകോട് - 35<br>വികാസ്ഭവൻ - 30<br>പൂവാർ - 45<br>കാട്ടാക്കട - 60<br>വെഞ്ഞാറമൂട് - 28<br>തിരുവനന്തപുരം സിറ്റി - 17<br>വിഴിഞ്ഞം - 47<br>നെടുമങ്ങാട് - 39<br>വെള്ളറട - 34<br>പാറശ്ശാല - 53<br>പേരൂർക്കട - 20<br>നെയ്യാറ്റിൻകര - 81<br>പാലോട് - 21<br>ആറ്റിങ്ങൽ - 60<br>ആര്യനാട് - 27<br>വിതുര - 35<br>കിളിമാനൂർ - 39 |
| (ബി) | തലസ്ഥാനത്ത് സർവീസ് നടത്തുന്ന ഓർഡിനറി ബസ്സുകളുടെ എണ്ണം വളരെ കുറവായതിനാലും സർവ്വീസ് നടത്തുന്നവയിൽ 90%ത്തോളം ഓർഡിനറി അല്ലാത്ത സർവ്വീസുകളായതിനാലും ഓരോ റൂട്ടിലും യാത്ര ചെയ്യുന്നതിന് മണിക്കൂറുകളോളം കാത്ത് നിൽക്കേണ്ട സാഹചര്യവും സാധു വിദ്യാർത്ഥികൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടും കണക്കിലെടുത്ത് ഓർഡിനറി സർവ്വീസുകൾക്ക് പുറമേ നഗരത്തിലോടുന്ന സിറ്റി ഫാസ്റ്റുകളിലും വിദ്യാർത്ഥികൾക്ക് കൺസഷൻ | (ബി) | നിലവിലുള്ള നിയമങ്ങളും സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളും പ്രകാരമാണ് കെ എസ് ആർ ടി സി ടിക്കറ്റ് നിരക്കും, വിദ്യാർത്ഥി കൺസഷൻ ടിക്കറ്റും സംബന്ധിച്ച നിരക്കുകളും തീരുമാനിച്ചിരിക്കുന്നത്. കെ.എസ്.ആർ.ടി.സി.യുടെ എല്ലാ ഓർഡിനറി സർവ്വീസുകളിലും വിദ്യാർത്ഥി കൺസഷൻ സൗകര്യം ഒരുക്കിയിട്ടുണ്ട്. സൂപ്പർക്ലാസ് ശ്രേണിയിലുള്ള ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകളുടെ നിരക്കിലാണ് സിറ്റി ഫാസ്റ്റ് സർവ്വീസുകളുടെ നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. ഓർഡിനറി സർവ്വീസുകൾ ഒഴികെയുള്ള മറ്റ് ഉയർന്ന ക്ലാസ് സർവ്വീസുകളിൽ വിദ്യാർത്ഥി കൺസഷൻ സൗകര്യം |

| | | | |
|---|---|---|---|
| | ഉപയോഗിച്ച് യാത്ര ചെയ്യാൻ അവസര മൊരുക്കുമോ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ? | | ഏർപ്പെടുത്തുന്നത് കെ എസ് ആർ ടി സി ക്ക് വളരെയധികം സാമ്പത്തിക നഷ്ടം ഉണ്ടാക്കുമെന്നും ഇത് മറ്റ് മേഖലകളിൽ വ്യാപകമായി ദുരുപയോഗം ചെയ്യപ്പെടാൻ സാദ്ധ്യതയുണ്ടെന്നും കരുതുന്നു. ആയതിനാൽ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്ന് പോകുന്ന നിലവിലെ സാഹചര്യത്തിൽ പ്രസ്തുത നിർദ്ദേശം പരിഗണിക്കുവാൻ നിർവ്വാഹമില്ലാത്തതാണ്. |

**സെക്ഷൻ ഓഫീസർ**